**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 258** **07-06-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിൽ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Smt Veena George**<br>**(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂയപ്പള്ളി, കല്ലുവാതുക്കൽ, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഭാരതീയ ചികിത്സാവകുപ്പിന്റെ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 20.01.2021 തീയതിയിലെ എ1/16/2021/ആയുഷ് നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | ഭാരതീയ ചികിത്സാ വകുപ്പിൽ കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂയപ്പള്ളി, കല്ലുവാതുക്കൽ, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ആയുഷ് വകുപ്പിലെ 21.01.2021 ലെ എ1/16/2021/ആയുഷ് നമ്പർ കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറോട് തുടർ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിരുന്നു. നിലവിൽ നാഷണൽ ഹെൽത്ത് മിഷന്റെ നിയന്ത്രണത്തിലുള്ള ഡിസ്പെൻസറികൾ ടി ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അതത് പഞ്ചായത്ത് കമ്മിറ്റികളുടെ തീരുമാനമനുസരിച്ച് ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ പഞ്ചായത്തുകൾ ഒരുക്കി നൽകേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസ്തുത പഞ്ചായത്തുകൾക്ക് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന കത്ത് നൽകിയിട്ടുള്ളതായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ